● കവർസ്റ്റോറി

മുഹമ്മദ് ശമീം

# മാർക്സിസത്തിന്റെ അപചയം

**കേരളീയ** സാമൂഹികജീവിതവും രാഷ്ട്രീയ പാർട്ടികളും ഭയാനകമായ ഒരപചയത്തിലാണ് ഇന്നെത്തിനിൽക്കുന്നത്. കുറ്റകൃത്യങ്ങളുടെ വ്യാപനവും മൂല്യത്തകർച്ചയും ജീവിതത്തെത്തന്നെ അസഹ്യമാക്കുന്നിടത്തെത്തിയിരിക്കുന്നു.

ഈയവസ്ഥ മുതലെടുത്ത് മാഫിയകൾ ശക്തിപ്രാപിക്കുന്നു. മദ്യമാഫിയ, ലോട്ടറി-ചൂതാട്ട മാഫിയ, പെൺവാണിഭസംഘങ്ങൾ, ഹവാല, റിയൽ എസ്റ്റേറ്റ് മാഫിയ..... ഇങ്ങനെ ഒട്ടേറെ സാമൂഹികവിരുദ്ധ സംഘങ്ങളുടെ കൈയിലാണ് ഭരണവും രാഷ്ട്രീയവുമെല്ലാം. ഭദ്രതയും അതിജീവനശേഷിയും കൈവരിക്കുന്നതിന് ഒരു ജനായത്ത സമൂഹത്തെ സഹായിക്കേണ്ട മൂല്യങ്ങളെല്ലാം ചോർന്നുകൊണ്ടിരിക്കുന്നു.

വൻ മാഫിയകളും മറ്റും രാഷ്ട്രീയ ഭരണ നേതൃത്വങ്ങളെ സ്വാധീനിക്കാൻ തുടക്കം മുതലേ ശ്രമിച്ചുപോന്നിട്ടുണ്ട്. ഇപ്പോൾ സ്വന്തം രാഷ്ട്രീയ പ്രതിനിധികൾ തന്നെ അവർക്കുണ്ടായിവന്നിരിക്കുന്നു. അവർ വളർന്ന് രാഷ്ട്രീയ പ്രസ്ഥാനങ്ങളെ കീഴൊതുക്കുകയും മാഫിയാ താൽപര്യങ്ങൾ പാർട്ടി താൽപര്യങ്ങളാക്കി മാറ്റുകയും ചെയ്തു. ജനാധിപത്യ, മാനുഷിക മൂല്യങ്ങളോട് അൽപമെങ്കിലും പ്രതിബദ്ധതയുള്ളവരുടെ ശബ്ദം പാർട്ടി താൽപര്യങ്ങൾക്കെതിരായിത്തീർന്നു. ഇടതുപക്ഷ പാർട്ടികളും ഈ അപചയത്തിന് വിധേയമായിത്തീർന്നപ്പോൾ, അവരുടെ ഏറ്റവും ശക്തമായ പാർട്ടിഘടന അതിനകത്തുണ്ടാകുന്ന സകല മൂല്യവിചാരങ്ങളെയും പിഴുതുകളയാനുള്ള ധാർഷ്ട്യം കാട്ടി. പാർട്ടി അച്ചടക്കം എന്നത് തൽപരശക്തികളുടെ വലിയ ആയുധമായി മാറി. പാർട്ടിയെ അടക്കിപ്പിടിച്ചാൽ നാടിനെ അടക്കിഭരിക്കാമെന്ന് മോഹിക്കുന്ന നേതാക്കന്മാരുമുണ്ടായി. ജനായത്തത്തിൽ ജനതാൽപര്യങ്ങളേക്കാൾ പാർട്ടിതാൽപര്യങ്ങൾക്ക് (പാർട്ടി കൈയടക്കിയവരുടെ സങ്കുചിത താൽപര്യങ്ങൾക്ക്) മുൻഗണന കിട്ടുന്ന അവസ്ഥയുണ്ടായി.

ജനങ്ങളുടെ പുരോഗതിയേക്കാൾ സമ്പന്ന വർഗത്തിന്റെ താൽപര്യങ്ങൾ പ്രധാനമായിത്തീർന്നിരിക്കുന്നു. ഇവയുടെ ഇടനിലക്കാരായിത്തീരുന്ന പാർട്ടികൾക്കും നേതാക്കന്മാർക്കും പലവിധ കമീഷൻ താൽപര്യങ്ങളുമുണ്ടാവാം. അങ്ങനെയാണ് പാമോലിൻ, ഗ്രാഫൈറ്റ്, ഇടമലയാർ, ലാവ്‌ലിൻ ഇടപാടുകളും എക്സ്പ്രസ് വേ, പാത്രക്കടവ് പോലുള്ള വൻ പദ്ധതികളുമുണ്ടാവുന്നത്. മൂന്നാറിൽ ടാറ്റയെ തൊട്ടപ്പോൾ ആർക്കൊക്കെ എത്രയൊക്കെ അളവിൽ പൊള്ളി എന്നത് ജനം കണ്ടതാണ്.

ജനതാൽപര്യങ്ങൾ ഹനിക്കപ്പെടുകയും അവകാശങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്യുന്നത് സമൂഹത്തിൽ അനാരോഗ്യകരമായ പ്രവണതകൾ വളരാനി

ടടയാക്കുന്നു. ജനങ്ങളിൽ വളരുന്ന നിരാശ അരാഷ്ട്രീയവത്കരണം, തീവ്രവാദ പ്രവണതകൾ, വിവിധതരം കുറ്റവാസനകൾ എന്നിവയിലേക്കുവരെ നയിക്കുന്നു. ഇത് മാഫിയകൾക്ക് കൂടുതൽ സഹായകവുമാകുന്നു.

ഇപ്പോൾ ജനങ്ങൾക്കു മുന്നിൽ ഏറ്റവുമധികം വിഴുപ്പുപേറി നിൽക്കുന്നത് ഇടതുപാർട്ടികളാണ്. മൂന്നാറുമായി ബന്ധപ്പെട്ട സി.പി.ഐ ഇടപെടലുകൾ ആ പാർട്ടിയെ അങ്ങേയറ്റം പരിഹാസ്യമാക്കി. തമിഴ്നാട് സർക്കാർ ക്രിമിനലായി പ്രഖ്യാപിച്ച സാന്റിയാഗോ മാർട്ടിൻ എന്ന ലോട്ടറി മാഫിയാത്തലവനിൽനിന്ന് *ദേശാഭിമാനി* രണ്ടു കോടി നിക്ഷേപമായി സ്വീകരിച്ചതും *ദേശാഭിമാനി* ജനറൽ മാനേജർ 'ലിസി'ൽനിന്ന് ഒരു കോടി രൂപ കോഴപ്പണം പറ്റിയതും അവസാനത്തെ ഉദാഹരണങ്ങൾ. വലതുപക്ഷത്തിന്റെ ഹിമാലയൻ ഇടപാടുകൾ മറു ആരോപണമായി ഉയർത്തിയാൽ പ്രശ്നം തീരുമോ? നിങ്ങളും വാങ്ങി, ഞങ്ങളും വാങ്ങി. ആരും ജയിച്ചില്ല, ആരും തോറ്റില്ല- സമനിലയിൽ പിരിയാം എന്നാണോ? എങ്കിൽ കളിയിൽ തോൽക്കുന്നത് നാടും നാട്ടുകാരുമാവില്ലേ? ഇങ്ങനെ ഇരുപക്ഷവും ചേർന്നുള്ള കള്ളനും പോലീസും കളിയാണോ ജനാധിപത്യം?

ചില സമസ്യകൾ ഉണ്ടാവുന്നുണ്ടിവിടെ. ലോകത്തിലെ ഏറ്റവും ഭദ്രമായ ജനാധിപത്യ വ്യവസ്ഥ നിലനിൽക്കുന്ന നമ്മുടെ നാട്ടിൽ ഇത്രമേൽ ജനതാൽപര്യങ്ങൾ ഹനിക്കപ്പെടുകയും ജനകീയ രാഷ്ട്രീയ പാർട്ടികൾ ജനവിരുദ്ധങ്ങളായിത്തീരുകയും മാഫിയകൾ സാമൂഹികജീവിതത്തെ പൂർണമായി കൈയടക്കുകയും ചെയ്യുന്നതെന്തുകൊണ്ട്? മറ്റൊന്ന്, അടിസ്ഥാന വർഗത്തോടുള്ള പ്രതിബദ്ധതയിലും സാമൂഹികനീതി തുടങ്ങിയ മൂല്യങ്ങളിലും മനുഷ്യസമത്വത്തിനു വേണ്ടിയുള്ള പോരാട്ടത്തിലും അധിഷ്ഠിതമായ കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ വക്താക്കൾ എന്തുകൊണ്ട് നിലനിൽക്കുന്ന ജീർണതകളിൽ മറ്റു പാർട്ടികളെയും ആളുകളെയും പോലെയോ അതിനേക്കാൾ വേഗത്തിലോ പതിച്ചുപോകുന്നു?

മനുഷ്യപ്പറ്റുള്ള നൈതിക ധാർമിക മൂല്യങ്ങളുൾക്കൊണ്ടുകൊണ്ടാണ് കമ്യൂണിസം വളർന്നത്. ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ അടിച്ചമർത്തപ്പെട്ടവരുടെ പക്ഷത്തുനിന്നുകൊണ്ട് അത് പൊരുതി. അധ്വാനത്തിന്റെ മഹത്വം ഉയർത്തിപ്പിടിച്ചു. മുതലാളിത്തത്തിന്റെ ചൂഷണത്തിനെതിരെ കലാപമുയർത്തി. അവകാശങ്ങൾക്കുവേണ്ടി സമരം ചെയ്തു. കേരളത്തിലും ജന്മിത്തത്തിനും സാമ്രാജ്യത്വത്തിനുമെതിരെ കമ്യൂണിസ്റ്റുകൾ ശക്തമായ സമരനിര പടുത്തു. ഇവ്വിധം ഉജ്ജ്വലമായ പാരമ്പര്യമുൾക്കൊള്ളുന്ന പ്രസ്ഥാനങ്ങൾ ഇങ്ങനെയൊരപചയത്തിലേക്ക് കൂപ്പുകുത്തുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്യപ്പെടണം.

ഈ ലോകത്ത് മനുഷ്യന്റെ നിലനിൽപ് സാധ്യമാകണമെങ്കിൽ ധാർമിക മൂല്യങ്ങൾ പരിരക്ഷിക്കപ്പെടേണ്ടതുണ്ട്. അതിനാകട്ടെ, ഈ മൂല്യങ്ങൾക്ക് കാലാകാലങ്ങളിൽ നേരിടേണ്ടിവന്നിട്ടുള്ള ഭീഷണികളെക്കുറിച്ച് മനസ്സിലാക്കണം. മനുഷ്യചരിത്രത്തെ ധാർമികതയും ഭൗതികതയും തമ്മിലുള്ള ഏറ്റുമുട്ടലായി വിശകലനം ചെയ്യാൻ സാധിക്കും. ഭൗതികത പൈശാചികമായ ആസക്തിയിൽനിന്നുണ്ടാകുന്നതാണ്. ഈ ആസക്തി ആദിപുരുഷനിൽതന്നെ ജനിച്ചിരുന്നതായി വേദഗ്രന്ഥം വിവരിക്കുന്നുണ്ട്. ദൈവവിചാരത്തിൽനിന്നും ബോധ്യത്തിൽനിന്നു മുടലെടുത്ത ധാർമികശക്തി കൊണ്ട് തന്റെ മനസ്സിലെ ഭൗതികതയുടെ അധിനിവേശത്തെ ആദിപുരുഷൻ തടുത്തു. ആ മനോമണ്ഡലത്തിൽ അങ്ങനെ ആരംഭിച്ച ഈ സംഘട്ടനം ചരിത്രത്തെത്തന്നെ പിന്തുടർന്നു. ഇതിൽ സമ്പൂർണമായ ധാർമികതയെ പ്രതിനിധാനം ചെയ്തവരാണ് പ്രവാചകന്മാരും അനുചരന്മാരും. ഇന്ന് ലോകത്ത് തങ്ങളുടേതായ സാമൂഹികക്രമം അടിച്ചേൽപിക്കുകയും ലോകത്തെ നിയന്ത്രിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന മുതലാളിത്തം തികഞ്ഞ ഭൗതികതയെയാണ് പ്രതിനിധാനം ചെയ്യുന്നത്.

ധാർമികതയെ ശക്തിപ്പെടുത്തുന്നത് മൂല്യങ്ങളോടുള്ള പ്രതിബദ്ധതയാണ്. ഈ മൂല്യങ്ങൾ ആത്മീയ മൂല്യങ്ങൾ എന്ന് വിളിക്കപ്പെടണം. സ്വാതന്ത്ര്യം, നീതി തുടങ്ങിയവയെല്ലാം ദൈവികമൂല്യങ്ങളാകുന്നു. ഭൗതികതയും ധാർമികതയും തമ്മിലുള്ള ഏറ്റുമുട്ടലിൽ ഭൗതികതക്കെതിരായ നില കമ്യൂണിസം പോലുള്ള പ്രസ്ഥാനങ്ങൾ സ്വീകരിച്ചെങ്കിലും ആത്മീയ മൂല്യങ്ങളെ ആത്മീയം എന്ന് തിരിച്ചറിയാൻ അവക്ക് കഴിയാതെ പോയി. ആത്മീയതയെ നിരാകരിച്ചുകൊണ്ട് മാനവിക ധാർമിക മൂല്യങ്ങളെ ഭൗതികവാദത്തിന്റെ അടിത്തറയിൽ പടുത്തുയർത്താൻ ശ്രമിച്ചതാണ് ഇടതുപക്ഷ യത്നങ്ങളെ പരാജയപ്പെടുത്തിയത്. അങ്ങനെ ഏൽക്കേണ്ടിവന്ന പരാജയങ്ങൾ തന്നെയാണ് ഈ വിഭാഗങ്ങളുടെ ധാർമികാപചയത്തിനു കാരണം.

ഭൗതികവാദത്തിന്റെ ഉൽപന്നമാണ് ഭൗതികത. അഥവാ ശരിയായ വിശകലനത്തിൽ ഭൗതികവാദം ഭൗതികതയെ മാത്രമേ ഉൽപാദിപ്പിക്കുകയുള്ളൂ. ആകയാൽ ഭൗതികവാദത്തിന്റെ അടിത്തറയിൽ ധാർമിക മൂല്യങ്ങളെ പടുത്തുയർത്താനുള്ള ശ്രമങ്ങൾ പരാജയമടയുക തന്നെ ചെയ്യും. പ്രാചീന കാലം മുതലേ ഭൗതികവാദം മനുഷ്യന്റെ ഭൗതികാസക്തിയുടെ പൂർത്തീകരണത്തെയാണ് പിന്തുണച്ചുപോന്നിട്ടുള്ളത്. തിന്നുക, കുടിക്കുക, ഭോഗിക്കുക എന്നീ മുദ്രാവാക്യങ്ങളുയർത്തിയ പ്രാചീന ഹേതുവാദിയായ ചാർവാകനായിരിക്കും ഒരുപക്ഷേ ലോകത്തെ ആദ്യത്തെ ഭൗതികവാദ ദാർശനികൻ. ഈ ലോകം മാത്രമാണ് സത്യമെന്നതിനാൽ ലൗകിക വ്യവഹാരങ്ങൾക്കപ്പുറത്തുള്ള മോക്ഷത്തിന് ഒരർഥവുമില്ലെന്ന് അദ്ദേഹം പഠിപ്പിച്ചു. ഈലോക ജീവിതം കൂടുതൽ സുഖകരവും ആനന്ദപ്രദവുമാക്കുകയല്ലാതെ മറ്റൊരു ജീവിതലക്ഷ്യവുമില്ല. ഇങ്ങനെയുള്ള ചിന്തകളാണ് ഭൗതികതയെ വളർത്തുന്നത്. ആസക്തികളുടെ നിയന്ത്രണം ഇതിലില്ല. ഭോഗമാണ് പരമപ്രധാനമെന്നതിനാൽ ത്യാഗം അപ്രസക്തമാകുന്നു. ജീവിതം സുഖഭോഗങ്ങൾക്കുവേണ്ടിയുള്ള അന്വേഷണമാകുന്നതോടെ മൂല്യങ്ങൾ നിരാകരിക്കപ്പെടുന്നു. ലോകം വിഭവങ്ങൾക്കായുള്ള മത്സരത്തിന്റെ വേദി മാത്രമാകുന്നു.

മത്സരത്തിന് അതിജീവനത്തിന്റെ ന്യായം നൽകുകയും അതിനെ ശാസ്ത്രസിദ്ധാന്തമായി വളർത്തുകയും ചെയ്തത് ഡാർവിനാണ്. അദ്ദേഹം ഉദ്ദേശിച്ചാലും ഇല്ലെങ്കിലും സോഷ്യൽ ഡാർവിനിസം എന്ന മുതലാളിത്ത സിദ്ധാന്തം ഡാർവിനിസത്തിൽനിന്നാണുണ്ടാകുന്നത്.

ചരിത്രത്തെ ഇങ്ങനെ സമീപിക്കുമ്പോൾ കാര്യം ഒന്നുകൂടി വ്യക്തമാകുന്നു. ഭൗതികവാദമാണ് ഭൗതികതക്ക് വളർച്ച നൽകിയത്. ചെറുതും വലുതുമായ കുറ്റകൃത്യങ്ങൾ മുതൽ വൻ അധിനിവേശങ്ങളും നരഹത്യകളും വരെ ഭൗതികതയുടെ ഉൽപന്നങ്ങളാണ്. ആധുനിക മുതലാളിത്തം, മാഫിയകളുടെ വളർച്ച തുടങ്ങിയവയുമതേ. എന്നാൽ മുതലാളിത്തത്തിനെതിരെ സന്ധിയില്ലാ സമരം പ്രഖ്യാപിക്കുകയും ചരിത്രത്തിൽ ത്യാഗസന്നദ്ധരായ ഒട്ടേറെ വിപ്ലവകാരികളെ വളർത്തുകയും ചെയ്ത മാർക്സിസം പക്ഷേ സൈദ്ധാന്തികാടിത്തറയായി ഇതേ ഭൗതികവാദത്തെ സ്വീകരിച്ചു. മത്സരത്തെയും ആക്രമണത്തെയും ന്യായീകരിക്കുന്ന ഡാർവിനിസത്തെ അംഗീകരിച്ചു. ഭൗതികവാദമാണ് ശരിയും ശാസ്ത്രീയവുമെങ്കിൽ ഒരു കാലത്തും നൈതിക മൂല്യങ്ങൾ ഭൗതിക മത്സരങ്ങളെ അതിജയിക്കില്ല, നീതിയും സമത്വവും സ്ഥാപിക്കപ്പെടുകയോ പരാജിതന്റെ സ്വാതന്ത്ര്യം സംരക്ഷിക്കപ്പെടുകയോ ചെയ്യില്ല. വിമോചനത്തിനു വേണ്ടിയുള്ള സകല പരിശ്രമങ്ങളും വ്യർഥമാവുകയും പരാജയപ്പെടുകയും തന്നെ ചെയ്യും.

അധ്വാനിക്കുന്നവരെ ചൂഷണം ചെയ്യുകയും അധ്വാനഫലമുണ്ണുകയും ചെ

യ്യുന്നവന്റെ പക്ഷത്താണ് മതം എന്നാണ് മാർക്സിസ്റ്റുകൾ പഠിപ്പിക്കുന്നത്. എന്നാൽ ചൂഷകന്റെ പക്ഷത്തു നിൽക്കുന്ന മതത്തെ വേദമോ പ്രവാചകന്മാരോ അംഗീകരിച്ചിട്ടില്ല. ഈ മതവും അതിന്റെ വൈതാളികന്മാരും ഭൗതികതയുടെ പക്ഷത്താണ് നിലകൊണ്ടത്.

മനുഷ്യൻ അവന്റെ ആദിമ പരിശുദ്ധിയിൽ ഭൗതികവാദിയായിരുന്നെന്ന് മാർക്സിസ്റ്റുകൾ സിദ്ധാന്തിക്കാറുണ്ട്. ഇന്ത്യയുടെ ദർശനമായി ചാർവാകത്തെയാണവർ അംഗീകരിക്കുക. സുഖിക്കൽ പരമപ്രധാന ധർമമായി ഉയർത്തിയ ചാർവാകന്റെ ദർശനം ഭൗതികതയെല്ലാതെ മറ്റെന്തിനെയാണ് ഉൽപാദിപ്പിക്കുക! ഇവിടെ മുകളിൽ സൂചിപ്പിച്ച മതവും ചാർവാകദർശനവും ആധുനിക മുതലാളിത്തവുമെല്ലാം ഒരേപക്ഷത്തുതന്നെയാണ് നിൽക്കുന്നതെന്നു കാണാം.

ഈ മുതലാളിത്ത പക്ഷത്തിന്റെ സിദ്ധാന്തം തന്നെയാണ് ഭൗതികവാദം എന്ന തിരിച്ചറിവില്ലായ്മയാണ് വിപ്ലവ ഭൗതിക ദർശനങ്ങളെ പരാജയപ്പെടുത്തിയത്. ഈ പരാജയമാണ് ഇന്നത്തെ അപചയത്തിൽ അവരെ കൊണ്ടെത്തിച്ചത്. ഈ ലോകത്തിലും ഭൗതികജീവിതത്തിലും മാത്രമൊതുങ്ങുന്ന ജീവിതസങ്കൽപങ്ങളും സിദ്ധാന്തങ്ങളും സ്വാഭാവികമായും മനുഷ്യരെ ഭൗതികസുഖങ്ങളുടെ അടിമയാക്കുകയേയുള്ളൂ. എന്തൊക്കെ ദാർശനിക മഹത്വം പറഞ്ഞാലും പ്രയോഗതലത്തിൽ അതങ്ങനെയായിത്തീരുന്നു.

ഇടതുപക്ഷത്തിന് എന്നതുപോലെ നമ്മുടെ സാമൂഹികവ്യവസ്ഥിതിക്കും സംഭവിച്ചിട്ടുള്ളത് യഥാർഥത്തിൽ ഇതാണ്. പടിഞ്ഞാറ് ഉടലെടുത്ത, മതനിരാസത്തിലധിഷ്ഠിതമായ ജനാധിപത്യ വ്യവസ്ഥിതി യഥാർഥ ജനായത്ത മൂല്യങ്ങൾ സംരക്ഷിക്കുന്നതിൽ പരാജയപ്പെടുന്നു. ഭൗതികവും സാമ്പത്തികവുമായ താൽപര്യങ്ങൾ ജനനേതാക്കളെയും ഉദ്യോഗസ്ഥരെയും മൊത്തം വ്യവസ്ഥയെതന്നെയും പൂർണമായി സ്വാധീനിക്കുന്ന അവസ്ഥയുണ്ടാകുന്നു.

ദൈവിക ആത്മീയ മൂല്യങ്ങളെ അതായിട്ടുതന്നെ തിരിച്ചറിയുക എന്നതാണ് പ്രതിവിധി. സദാചാരത്തെയാണ് യഥാർഥ മതം ഏറ്റവും വിശുദ്ധമായി കാണുന്നത്. സദാചാരമെന്നാൽ ഭൗതികമായ ഇടപെടലുകളുമായി ബന്ധപ്പെട്ടതാണ്. അങ്ങനെ ഭൗതികജീവിതം ധാർമികമൂല്യങ്ങൾക്ക് കീഴ്പ്പെടും. ഈ സദാചാരത്തെ പ്രതിനിധാനം ചെയ്യാത്ത മതപരികൽപനകൾ ഭൗതികതയുടെ പക്ഷത്താണ് നിൽക്കുന്നത്. മാത്രമല്ല, അവ മതത്തിന്റെ വിപ്ലവാത്മകമായ സാമൂഹിക പ്രസക്തി തിരിച്ചറിയുന്നതിന് തടസ്സം നിൽക്കുകയും ചെയ്യുന്നു.

ആത്മീയ മൂല്യങ്ങളും സദാചാരബദ്ധതയും അംഗീകരിക്കപ്പെടുകയും നിലനിൽക്കുകയും ചെയ്യുന്ന സമൂഹത്തിനു മാത്രമേ സമൂഹികജീവിതത്തിലെ പൈശാചിക വ്യതിയാനങ്ങളെ തടുക്കാനും ജനപക്ഷത്തുനിൽക്കുന്ന രാഷ്ട്രീയം കെട്ടിപ്പടുക്കാനും കഴിയൂ. ആധ്യാത്മികവും ധാർമികവുമായ ജനപക്ഷ രാഷ്ട്രീയ സംസ്കാരം പടുത്തുയർത്തുക എന്നത് ഈ രാജ്യത്തിന്റെയും സമൂഹത്തിന്റെയും സുരക്ഷക്ക് അനിവാര്യമായിത്തീർന്നിരിക്കുന്നു. ■